(ബി) സംസ്ഥാനത്ത് ഇപ്പോൾ വ്യാജമദ്യ ഉൽപ്പാദന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായി സർക്കാരിന് അറിവുണ്ടോ;

(സി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) സ്ഥിരമായി ഇത്തരം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായി അറിവില്ല. എന്നാൽ ഒളിഞ്ഞും തെളിഞ്ഞുമുള്ള ഇത്തരം കേന്ദ്രങ്ങളുടെ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവയ്ക്കെതിരെ ശക്തമായ നടപടികൾ എടുത്തു വരുന്നു.

(സി) ബാധകമല്ല.

മദ്യ കള്ളക്കടത്ത്

27 [4766] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം സംസ്ഥാനത്തെ ഏതെല്ലാം ചെക്ക് പോസ്റ്റുകളിൽ എത്ര രൂപയുടെ മദ്യ കള്ളക്കടത്ത് എക്സൈസ് വകുപ്പ് കണ്ടെത്തിയിട്ടുണ്ട്;

(ബി) ചെക്ക് പോസ്റ്റ് തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(സി) കള്ളക്കടത്തുമദ്യം ഈ സാമ്പത്തിക വർഷം ഇതുവരെ കണ്ടെത്താത്ത ചെക്ക് പോസ്റ്റുകൾ ഏതെല്ലാം; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഈ ഉദ്യോഗസ്ഥരെ ഈ ചെക്ക് പോസ്റ്റുകളിൽനിന്നും മാറ്റി സംസ്ഥാനത്തെ മറ്റു സ്ഥലങ്ങളിലെ മദ്യ കള്ളക്കടത്തു കണ്ടുപിടിക്കാൻ നിയോഗിക്കുമോ;

(ഇ) തങ്ങളുടെ ജോലി ഫലപ്രദമായി നടത്താത്ത എക്സൈസ് ഉദ്യോഗസ്ഥർ ആരെല്ലാം എന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ സർക്കാർ വന്നശേഷം നാളിതുവരെ ചെക്ക് പോസ്റ്റുകളിൽ സേവനം അനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥർ ആരെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 91,17,927 രൂപയുടെ മദ്യ കള്ളക്കടത്ത് പിടിച്ചിട്ടുണ്ട്. ചെക്ക് പോസ്റ്റ് തിരിച്ചുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

	ചെക്ക് പോസ്റ്ററിന്റെ പേര്	പിടിച്ചെടുത്ത മദ്യത്തിന്റെ വില (രൂപ)
1.	അമരവിള	29,27,300
2.	ആര്യങ്കാവ്	4,29,000
3.	ചിന്നാർ	73,150
4.	വാളയാർ	3,99,850
5.	മീനാക്ഷിപുരം	1,38,950
6.	വേലൻതാവളം	1,02,000
7.	കുപ്പാണ്ടകൗണ്ടർ	10,000

LIBRARY ARCHIVES Kerala Legislative Assembly

8.	മുത്തങ്ങ	8,45,177
9.	തോൽപ്പെട്ടി	2,46,600
10.	ബാവലി	1,77,750
11.	കൂട്ടുപുഴ	6,25,400
12.	അഴിയൂർ	90,000
13.	മഞ്ചേശ്വരം	30,52,750

(സി)	ജില്ലയുടെ പേര്	ചെക്ക് പോസ്റ്റിന്റെ പേര്
1.	തിരുവനന്തപുരം	1. ആറ്റുപുറം
		2. മണ്ഡപത്തിൻകടവ്
		3. ടൈൽസ് ഫാക്ടറി
		4. പാട്ടക്കുളം
		5. മൂഴിത്തോട്ടം
		6. പെരുങ്കടവിള
		7. കള്ളിക്കാട്
		8. പിരായിൻമൂട്
		9. പാലക്കടവ്
		10. നെയ്യാർ ഡാം
2.	കണ്ണൂർ	11. ന്യൂമാഹി
3.	മലപ്പുറം	12. വഴിക്കടവ്

(ഡി) മേൽപ്പറഞ്ഞ ചെക്ക് പോസ്റ്റുകളിൽ പലതും അംഗീകൃത തസ്തികകൾ ഇല്ലാത്തവയാണ്. മാത്രമല്ല സാധാരണ ചെക്ക് പോസ്റ്റുകളിൽ സ്ഥിരമായി ഉദ്യോഗസ്ഥരെ നിയമിക്കാറില്ല. ചെക്ക് പോസ്റ്റുകളിൽ നിയമിക്കുന്ന ഉദ്യോഗസ്ഥരെ ഇടയ്ക്കിടെ മാറ്റി മറ്റ് ഓഫീസുകളിൽ നിയമിക്കാറുണ്ട്. കൂടാതെ ഈ ഉദ്യോഗസ്ഥരെ 3 മാസം കൂടുമ്പോൾ മാറ്റി നിയമിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) എക്സൈസ് ഉദ്യോഗസ്ഥർ തങ്ങളുടെ ജോലി ഫലപ്രദമായി നിർവ്വഹിക്കപ്പെടുന്നുണ്ട്.

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സേവനമനുഷ്ഠിച്ചവരും ഇപ്പോൾ സേവനമനുഷ്ഠിക്കുന്നവരുമായ ഉദ്യോഗസ്ഥരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.†

കള്ളിന്റെ വീര്യം നിജപ്പെടുത്തൽ

28 [4767] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
„ ഡൊമിനിക് പ്രസന്റേഷൻ:
„ കെ. എ. ചന്ദ്രൻ:
„ എൻ. ഡി. അപ്പച്ചൻ:
„ സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ളിന്റെ വീര്യം നിജപ്പെടുത്തിക്കൊണ്ട് കേരള അബ്കാരി ഷോപ്പ് ഡിസ്പോസൽ ഇൻ ഓക്ഷൻ റൂൾസിലോ മറ്റേതെങ്കിലും ചട്ടങ്ങളിലോ വ്യവസ്ഥ ചേർത്തിരുന്നുവോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly